(എ) പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ചീഫ് സെക്രട്ടറി ഉൾപ്പെടെ ഉള്ളവർക്ക് എതിരെ കോടതിയലക്ഷ്യ കേസിൽ സുപ്രീംകോടതിയിൽ സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കേറ്റുമാർ ആരെല്ലാം ;

(ബി) അവർ ഓരോരുത്തരും ആർക്കുവേണ്ടിയാണ് ഹാജരായത് ;

(സി) ഇവർക്ക് ഓരോരുത്തർക്കും എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്നും ഇനി എത്ര വീതം നൽകുവാൻ ഉണ്ടെന്നും വെളിപ്പെടുത്താമോ ;

(ഡി) ഹൈക്കോടതിയിൽ ഈ കേസ്സിൽ ഗവൺമെന്റ് അഡ്വക്കേറ്റുമാർക്ക് പുറമേ ആരെല്ലാം ഹാജരായി എന്നും അവർക്ക് ഓരോരുത്തർക്കും എത്ര രൂപ വീതം കൊടുത്തു എന്നും ഇനി എത്രവീതം കൊടുക്കുവാൻ ഉണ്ടെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സീനിയർ അഭിഭാഷകരായ ശ്രീ. കെ. കെ. വേണുഗോപാൽ, ശ്രീ. ഹാരിഷ് എൻ. സാൽവെ, ശ്രീ. പി. വി റാവു, സോളിസിറ്റർ ജനറൽ ശ്രീ. സന്തോഷ്, ഹെഗ്ഡെ, അഡീഷണൽ സോളിസിറ്റർ ജനറൽ ശ്രീ. സി. എസ് വൈദ്യനാഥൻ സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ. ജി. പ്രകാശ് എന്നിവർ വിവിധ ഘട്ടങ്ങളിലായി സുപ്രീം കോടതിയിൽ ഹാജരായിട്ടുണ്ട്.

(ബി) സർക്കാരിനുവേണ്ടിയും സർക്കാർ ഉദ്യോഗസ്ഥൻമാർക്കുവേണ്ടിയും ആണ് ഹാജരായത്.

		രൂപ
(സി)	ശ്രീ. കെ. കെ. വേണുഗോപാൽ	2,53,000
	ശ്രീ. സി. എസ് വൈദ്യനാഥൻ	77000
	ശ്രീ. ഹാരീഷ് എൻ . സാൽവെ	33,000
	ശ്രീ. പി. വി. റാവു	50,000
	ശ്രീ. സന്തോഷ് ഹെഗ്ഡെ	33,000

ബാക്കി കൊടുക്കാനുള്ള തുകയുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഹൈക്കോടതിയിൽ ഈ കേസ്സിന് സർക്കാരിനുവേണ്ടി സീനിയർ അഭിഭാഷകനായ ശ്രീ. കേളു നമ്പ്യാരാണ് ഹാജരായത്. അദ്ദേഹത്തിന് ഫീസിനത്തിൽ 55,000 രൂപ അനുവദിക്കുകയുണ്ടായി.

ഓടയ്ക്കാലി വി.എച്ച്.എസ്.എസ്. കെട്ടിടം പണിയിലെ ക്രമക്കേടുകളെ കുറിച്ച് അന്വേഷണം

105 (106) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഓടയ്ക്കാലി വി.എച്ച്.എസ്.എസ്-ന് ജില്ലാപഞ്ചായത്ത് പണിയുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിലുള്ള ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതിയെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) ഇല്ലെങ്കിൽ ഈ പരാതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ഡി) ഈ പരാതിയിൻമേൽ എന്തു നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-ഡി) പ്രസ്തുത പരാതിയിൻമേൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന പ്രാഥമിക അന്വേഷണം നടത്തുകയും കെട്ടിടം പണിയിലെ ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നു കാണുകയും ചെയ്തു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി തീർപ്പാക്കിയിട്ടുണ്ട്.

രാമങ്കരിയിൽ മുൻസിഫ്-മജിസ്ട്രേറ്റ് കോടതി

105 (107) ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ രാമങ്കരി മജിസ്ട്രേട്ടു കോടതി മുൻസിഫ് മജിസ്ട്രേട്ട് കോടതിയാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) കുട്ടനാട്ടിലെ ജനങ്ങൾക്ക് സിവിൽ വ്യവഹാരങ്ങൾക്ക് ഇപ്പോൾ ആലപ്പുഴയിൽ പോകേണ്ടിവരുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കുട്ടനാട്ടിൽ മറ്റ് കോടതികൾ ഇല്ലാത്തത് കണക്കിലെടുത്തും ഏറ്റവും വേഗം രാമങ്കരി കോടതി മുൻസിഫ്-മജിസ്ട്രേട്ട് കോടതിയാക്കുന്നതിന് ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(സി) ഹൈക്കോടതിയിൽ നിന്നും ലഭിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly